കസ്തൂരിരംഗൻ റിപ്പോർട്ട്

368 (346) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തിനായി തയ്യാറാക്കിയ കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇതേവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(ബി) പരിസ്ഥിതി ലോല മേഖല എന്ന് റിപ്പോർട്ടിൽ രേഖപ്പെടുത്തപ്പെട്ട ജനവാസ കേന്ദ്രങ്ങളെ ഇതിൽ നിന്നും ഒഴിവാക്കുന്നതിനും, കർഷകരുടെ ഭൂമിയും, കൃഷിയും, വീടുൾപ്പെടെയുള്ള സമ്പാദ്യങ്ങളും സംരക്ഷിക്കുന്നതിനും, സ്വീകരിച്ച നടപടികൾ എന്തൊക്കെ;

(സി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഈ റിപ്പോർട്ട് നടപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കുടിയേറ്റ മേഖലകളിൽ 60 വർഷത്തിലേറെയായി പട്ടയം പോലും ലഭിച്ചിട്ടില്ലാത്ത ഭൂമിയിൽ ജീവിച്ചുവരുന്ന കർഷകർക്ക് തങ്ങളുടെ കൈവശഭൂമിയിൽ നിന്നും എല്ലാമുപേക്ഷിച്ചു ഇറങ്ങിപോകേണ്ട സ്ഥിതി, റിപ്പോർട്ട് നടപ്പാക്കുന്നതുവഴി ഉണ്ടാകാനുള്ള സാധ്യതയില്ലേ; ഇതിന് എന്ത് പരിഹാരമാണ് സർക്കാരിന്റെ മുൻപിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) റാന്നി നിയോജക മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലെ എത്ര ഏക്കർ ഭൂമിയാണ് ESA പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; ഇതിൽ വനഭൂമി എത്ര; ജനങ്ങൾ താമസിച്ചുവരുന്ന ഭൂമി എത്ര ?

ഉത്തരം

(എ&ബി) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി ലോലപ്രദേശങ്ങൾ നിർണ്ണയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വില്ലേജ് ഓഫീസർ, വനം വകുപ്പ് ഉദ്യോഗസ്ഥർ, സർവ്വെ ഉദ്യോഗസ്ഥർ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായി ഒരു പഞ്ചായത്ത് തല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമിതി രൂപീകരിച്ചു. ടി സമിതി തയ്യാറാക്കിയ റിപ്പോർട്ടാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. ഇതിനുപുറമെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരുന്ന അധിക വിവരങ്ങൾക്കും സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ട്. റിസർവ് വനം, ലോക പൈതൃക പ്രദേശം, സംരക്ഷിത പ്രദേശങ്ങൾ എന്നിവ മാത്രമേ പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താവൂ എന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(സി) പരിസ്ഥിതി ലോലപ്രദേശങ്ങൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 10-3-2014-ലെ S.O.733(E) നമ്പരായി പുറപ്പെടുവിച്ച കരട് വിജ്ഞാപനം 4-9-2015-ലെ S.O.2435(E) പ്രകാരം വീണ്ടും പുതുക്കിയ കരട് വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സാധ്യതയില്ല.

(ഇ) കേന്ദ്രസർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ വില്ലേജ് അടിസ്ഥാനത്തിലാണ് പരിസ്ഥിതിലോല പ്രദേശങ്ങളെ നിർണ്ണയിച്ചിട്ടുള്ളത്. റാന്നി താലൂക്കിലെ കൊല്ലമുള, പെരുനാട്, വടശ്ശേരിക്കര എന്നീ വില്ലേജുകളാണ് ESA പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തുതല സമിതി തയ്യാറാക്കിയ റിപ്പോർട്ടിൽ സർവ്വേ നമ്പർ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കിയിട്ടില്ല.

കായികമേഖലയുടെ വളർച്ച

369 (347) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം കായിക മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ; എത്ര രൂപ വീതം ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ബി) സൈക്കിൾ വെലോഡ്രോമിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ?